പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 437 12.06.2012 -ലെ മറുപടി

ചേർത്തല ഡിപ്പോ വക ബസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ചേർത്തല ഡിപ്പോയിലെ ഒരു ബസ്സ് ഉദ്ദേശം അയ്യായിരത്തോളം രൂപ വില വരുന്ന സൈഡ് ഗ്ലാസ്സ് പൊട്ടിയ കാരണത്താൽ തിരുവനന്തപുരം വർക്ക്ഷോപ്പിൽ അൻപത് ദിവസത്തിലധികം പിടിച്ചിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചേർത്തല ഡിപ്പോ വക ആർ.എൻ.ഇ - 726 -ാം നമ്പരോടുകൂടിയ പ്രസ്തുത ബസ്സിന്റെ പ്രതിദിന ശരാശരി കളക്ഷൻ എത്ര രൂപയായിരുന്നുവെന്നു വ്യക്തമാക്കുമോ; | (എ) | ചേർത്തല ഡിപ്പോയിലെ RNE 726 -ാം നമ്പർ ബസ് 02.03.2012 -ൽ കൊല്ലത്തിനടുത്ത് അപകടത്തിൽപ്പെടുകയും ബസ് റിപ്പയർ നടത്തുന്നതിന് 03.03.2012 -ൽ തിരുവനന്തപുരം സെൻട്രൽ വർക്ക്ഷോപ്പിൽ എത്തിക്കുകയും ചെയ്തു. പ്രസ്തുത ബസ്സിന്റെ മുൻഭാഗം ഡാമേജ് ആയത് 12.03.2012 -ൽ റിപ്പയർ ചെയ്തു. ട്രയൽ നടത്തിയപ്പോൾ ബസിന്റെ ബ്രേക്ക് തകരാർ ശ്രദ്ധയിൽപ്പെട്ടു. ആയത് പരിഹരിക്കുന്നതിനായി റിപ്പയർ നടത്തിയെങ്കിലും തൃപ്തികരമാകാത്തതിനാൽ വാഹന നിർമ്മാതാക്കളായ Ashok Leyland കമ്പനിയുമായി ബന്ധപ്പെട്ട് ബസ് TVS -ൽ ബ്രേക്ക് തകരാർ പരിഹരിക്കുന്നതിനായി ഏൽപ്പിച്ചു. 24.03.2012 -ൽ വാഹനം റെഡിയാക്കി TVS -ൽ നിന്ന് തിരികെ എടുത്തുവെങ്കിലും വാഹനത്തിന്റെ തകരാർ പൂർണ്ണമായും പരിഹരിക്കപ്പെട്ടതായി ബോദ്ധ്യപ്പെടാത്തതിനാൽ വീണ്ടും TVS -ൽ ഏൽപ്പിക്കുകയും ചെയ്തു. ഈ ബസ് റിപ്പയർ ചെയ്ത് 23.04.2012 -ൽ സർവ്വീസിന് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ഒരു വാഹനം സർവ്വീസിന് നൽകുമ്പോൾ ഏറ്റവും ആവശ്യമായ ബ്രേക്ക് സംവിധാനത്തിന്റെ കാര്യക്ഷമത, ഉറപ്പ് വരുത്തുന്നതിന് കെ.എസ്.ആർ.ടി.സിയിലെ |

| | | | |
|---|---|---|---|
| | | | ജോലികൾ ഫലപ്രാപ്തിയിൽ എത്താതെ വന്നപ്പോൾ വാഹന നിർമ്മാതാവിന്റെ സഹായം കൂടി സ്വീകരിച്ച് പ്രസ്തുത ബസ്സിന്റെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടി വന്നപ്പോൾ നേരിയ കാലതാമസം നേരിട്ടിട്ടുണ്ട്.<br><br>പ്രസ്തുത ബസ്സിന്റെ പ്രതിദിന ശരാശരി കളക്ഷൻ 2012 ഏപ്രിലിലെ കണക്കനുസരിച്ച് 20,000/- രൂപയാണ്. |
| (ബി) | ഈ ഇനത്തിൽ കോർപ്പറേഷന് എത്ര രൂപ നഷ്ടം വന്നിട്ടുണ്ടെന്നു വ്യക്തമാക്കാമോ; മേൽപ്പറഞ്ഞ സംഭവത്തിൽ കോർപ്പറേഷന് ലക്ഷക്കണക്കിന് രൂപ നഷ്ടമുണ്ടാക്കിയതുമായി ബന്ധപ്പെട്ട് കാരണക്കാരായ ആർക്കെങ്കിലും എതിരെ നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ? | (ബി) | കോർപ്പറേഷന് നാല് ലക്ഷത്തോളം രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.<br><br>വാഹനം സർവ്വീസിന് യോഗ്യമാക്കുന്നതിന് നേരിട്ട കാലതാമസത്തിന് ജീവനക്കാരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ല എന്ന് വെളിവായതിനാൽ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ